**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **06-10-2025 - ൽ മറുപടിയ്ക്ക്**

**സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വിൻഡ്സ്ട്രീം എനർജി ടെക്നോളജീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേന അനെർട്ട് സ്ഥാപിച്ച സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പരാതികൾ അന്വേഷിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; കമ്മിറ്റിയെ നിയമിച്ച ഉത്തരവിന്റെയും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | (ബി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മാധ്യമവാർത്തകളിൽ വന്ന ആരോപണക്കുറിപ്പ് അന്വേഷിക്കുന്നതിനായി 21.04.2025-ലെ സ. ഉ. (സാധാ) 89/2025/ഊർജ്ജ നമ്പർ ഉത്തരവ് **(പകർപ്പ് അനുബന്ധം ബി 1 ആയി ചേർക്കുന്നു.)** പ്രകാരം ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി അദ്ധ്യക്ഷനായും ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (REES), കെ.എസ്.ഇ.ബി.എൽ. എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേതുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും മറ്റും ഉണ്ടായ വീഴ്ചകൾ - അന്വേഷണം - കമ്മിറ്റിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (പി എസ് ) വകുപ്പ്**

G.O.(Rt)No.89/2025/POWER തീയതി,തിരുവനന്തപുരം, 21-04-2025

പരാമർശം:- 11/04/2025 ലെ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ 183/M(Ele)/N/2025 നമ്പർ കുറിപ്പ്

**ഉത്തരവ്**

അട്ടപ്പാടി മേഖലയിലെ താഴെത്തുടുക്കി, മേലേതുടുക്കി എന്നീ ആദിവാസി നഗറുകളിൽ സോളാർ-വിൻഡ് ഹൈബ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും മറ്റും ഉണ്ടായ വീഴ്ചകൾ മൂലം സാമ്പത്തിക നഷ്ടമുണ്ടായതായി ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ് - അധ്യക്ഷൻ

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ - അംഗം

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (REES), കെ.എസ് .ഇ.ബി.എൽ - അംഗം

**2.** ടി കമ്മിറ്റി പ്രസ്തുത അന്വേഷണ റിപ്പോർട്ട് രണ്ടാഴ്ചക്കകം സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
ADDITIONAL CHIEF SECRETARY

ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(REES), കെ.എസ്.ഇ.ബി.എൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്

ഊർജ്ജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്